ശ്രീ. ജോസഫ് മുണ്ടശ്ശേരി : അപ്പർ പ്രൈമറി സ്കൂളുകളിൽ സ്റ്റാൻഡേഡ് എന്നതെന്നെയാണ് പറയുന്നത്. ഹൈസ്കൂൾക്ലാസ്സുകളിൽ മൂന്നാം സ്റ്റാൻഡേഡ് എന്നും, പഴയ രീതിയിൽ തേഡ് ഫാറം എന്നും പറയുന്നുണ്ട്. എല്ലാം സ്റ്റാൻഡേഡ് എന്ന പേരിലാക്കുന്നതിനാണുദ്ദേശിക്കുന്നത്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഏതു സ്റ്റാൻഡേഡിനു തുല്യമാണ് ഫാറം എന്നു ഇപ്പോൾ നിയമസഭാ സാമാജികന്മാർക്കുകൂടി അറിയാൻ വിഷമമായിരിക്കുന്നു ; ഇന്ന സ്റ്റാൻഡേഡിനു തുല്യമായിട്ട് ഇന്ന ഫാറം എന്ന ഒരു നിശ്ചിതാവസ്ഥവരുത്താൻ ശ്രമിക്കുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതു ചെയ്യാം :

ശ്രീ. ടി. ഏ തൊമ്മൻ : ഫാറം നിറുത്തലാക്കണമെന്നു വല്ല ഉത്തരവും പാസ്സാക്കിയിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇല്ല.

ശ്രീമതി കുസുമം ജോസഫ് : മിഡിൽസ്കൂളുകളിൽ ഫസ്റ്റ് ഫാം നിറുത്തലാക്കുന്നുവെന്നാണു മനസ്സിലാകുന്നത്. അപ്പോൾ കഴിഞ്ഞതവണ 5-ാം ക്ലാസ്സിൽ പഠിച്ചിരുന്ന കുട്ടികൾക്ക ഫസ്റ്റ് ഫാറത്തിലേക്ക പ്രമോഷൻ കൊടുക്കണമെന്നു വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിന്റെ ആർഡർ ഉണ്ട്. 'മുൻപു ഫസ്റ്റ് ഫാറത്തിൽ പഠിച്ചു ജയിക്കുന്നവർക്കും 5-ാം ക്ലാസിൽനിന്നും ജയിച്ചവർക്കും അടുത്ത ക്ലാസ്സിലേക്ക പ്രമോഷൻ കൊടുക്കണം. ഫസ്റ്റ് ഫാറത്തിൽ തോൽക്കുന്നവരേയും 5-ാം സ്റ്റാൻഡേഡിൽ അയയ്ക്കണം. അങ്ങനെ വരുമ്പോൾ 5-ാം ക്ലാസ്സിൽ ഒരു കൊല്ലം പഠിച്ചുകഴിഞ്ഞവരും, ഫസ്റ്റ് ഫാറത്തിൽ തോൽക്കുന്നവരും ഒരെ ക്ലാസ്സിൽ പഠിക്കാൻ ഇടയാകുന്ന ഒരു സാഹചര്യം ഉണ്ടാകുകയില്ലേ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പുതിയ 5-ാം സ്റ്റാൻഡേഡ് എന്നു പറയുന്ന പഴയ 5-ാം ക്ലാസ്സിൽ അപ്പർ പ്രൈമറി സ്കൂളുകളിൽ തോൽക്കുന്ന വിദ്യാർത്ഥികളെ ഒരു ഡിവിഷനിലേക്ക മതിയാകുമെങ്കിൽ അവിടെത്തന്നെ ഒരു സ്റ്റാൻഡേഡ് ക്ലാസ്സ് നടത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീമതി കുസുമം ജോസഫ് : ഇതിനുമുൻപു ഇങ്ങനെ ചില പരിഷ്കാരങ്ങൾ വരുത്തിയപ്പോൾ, നിറുത്തലാക്കപ്പെടുന്ന ക്ലാസിൽനിന്നും എല്ലാ വിദ്യാർത്ഥികളെയും അടുത്ത ക്ലാസ്സിലേക്ക പ്രമോഷൻ കൊടുത്തിരുന്നതുപോലെ, ഫസ്റ്റ് ഫാറത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും പ്രമോഷൻ കൊടുക്കുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഈ വിഷയം ഡോപദേശത്തെപ്പറ്റി ആലോചിക്കാം.

ശ്രീ. എം. നാരായണക്കുറുപ്പ് : ഒരു ഡിവിഷനു കുട്ടികളെ മതിയാകാതെ വരുന്നതു കുട്ടികളുടെ കുറവുമല്ല ; കഴിവുള്ള കുട്ടികളെ പാസ്സായാൽ അങ്ങനെ വരാൻ സാദ്ധ്യതയില്ല. അപ്പോൾ തോൽക്കുന്ന വിദ്യാർത്ഥികളുടെ നില എന്തായിരിക്കും ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അവർക്ക 5-ാം സ്റ്റാൻഡേർഡിൽ ചേരാം.

Tirvandrum Medical College Hospital.

Shri M. C. Abraham : Will the Minister for Health be pleased to state.

(a) whether the Trivandrum Medical College Hospital equipped as at present is in a position to cope with the growing rush of patients ; and

LIBRARY ARCHIVES Kerala Legislative Assembly

(b) whether the Government have received complaint that the treatment of patients by the employees in the above hospital are not satisfactory ?

Minister for Health **(Dr. A. R. Menon)** :

(a) The Medical College Hospital is equipped for treating 650 patients and cannot be coped with more at present.

(b) No such complaints have been received.

ശ്രീ. എം. സി. ഏബ്രഹാം : ഡാക്ടർമാർ പ്രിസ്ക്രൈബ് ചെയ്യുന്ന മരുന്നുകളും, ശരിയായിട്ട് രോഗികൾക്ക് കൊടുക്കുന്നില്ലെന്നുള്ള വസ്തുത ശവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ഡാക്ടർ ഏ. ആർ. മേനോൻ : അങ്ങനെ അറിവിൽ പെട്ടിട്ടില്ല ; അന്വേഷിക്കാം.

ശ്രീ. എം. സി. ഏബ്രഹാം : അങ്ങനെ പരാതിയുള്ളതായി കണ്ടാൽ ആവശ്യമായ നടപടിയെടുക്കുമോ ?

ഡാക്ടർ ഏ. ആർ. മേനോൻ : പറയുന്നതു ചിലതൊക്കെ ശരിയായിരിക്കാം ; ചിലതു ശരിയല്ലെന്നുംവരും. ഒരു പരാതിയുണ്ടായാൽ അതു അന്വേഷിച്ച് ശരിയാണെന്നു ബോദ്ധ്യപ്പെടാൻ തെളിവു കിട്ടിയില്ലെന്നുവരും. ഇതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീമതി കുസുമം ജോസഫ് : ആപ്പറേഷൻ കഴിഞ്ഞിട്ട്, അന്നുരാത്രി തന്നെ രോഗികൾ ബഡ്ഡിൽനിന്നും, നേഴ്സസിന്റെ അശ്രദ്ധമൂലം താഴെ വീണിട്ടുള്ളതായി പരാതിയുണ്ടോ ?

ഡാക്ടർ ഏ. ആർ. മേനോൻ : അങ്ങനെ സംഭവിച്ചിട്ടുണ്ടായിരിക്കാം ; ഇതുവരെ ശവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. അന്വേഷിച്ചിട്ട് അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ വേണ്ട നടപടിയെടുക്കാം.

ശ്രീമതി കുസുമം ജോസഫ് : എല്ലാ ആശുപത്രികളിലും ഉപേക്ഷിച്ചിട്ട്, എത്ര ചികിത്സിച്ചാലും രക്ഷിക്കിട്ടുകയില്ലെന്ന ബോദ്ധ്യമായിട്ടുള്ള, മാറാത്ത രോഗമുള്ളവരെ മെഡിക്കൽ കോളേജു ആശുപത്രികളിൽ അഡ്മിറ്റു ചെയ്യുന്നതു മൂലം, ചികിത്സിച്ചാൽ സുഖം കിട്ടാവുന്ന പല രോഗികൾക്കും അവിടെ പ്രവേശനം കിട്ടാതെവരുന്നുണ്ടെന്നുള്ള വിവരം ശവണ്മെൻറിനറിയാമോ ?

ഡാക്ടർ ഏ. ആർ. മേനോൻ : ഏതെല്ലാം രോഗികളെയാണ് അവിടെ അഡ്മിറ്റു ചെയ്യേണ്ടതെന്നു തീരുമാനിക്കേണ്ടതു ഡാക്ടർമാരാണ് ; മന്ത്രിമാരോ ശവണ്മെൻറോ അല്ല. ചില കേസ്സുകൾ അങ്ങനെ എടുക്കുന്നുണ്ടായിരിക്കും. മാറാത്ത രോഗികളെ ചിലപ്പോൾ, മെഡിക്കൽ കോളേജിലെ കുട്ടികളെ പഠിപ്പിക്കുന്നതിനായിട്ട് അഡ്മിറ്റു ചെയ്യുന്നുണ്ട്.

ശ്രീ. കെ. എം. ജോർജ്ജ് : മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഇപ്പോൾ 650 ബഡ്ഡുകളേ ഉള്ളുവെന്നു പറഞ്ഞു. ഈ സംസ്ഥാനത്തിന്റെ എല്ലാഭാഗത്തുനിന്നും ആയിരക്കണക്കിനാളുകൾ, രോഗികൾ, ഇവിടെ അഡ്മിഷനുവേണ്ടി, അനേകദിവസം ഹോട്ടലുകളിലും മറ്റും താമസിച്ചു ബുദ്ധിമുട്ടുണ്ടെന്നുള്ള വസ്തുതയെ പരിഗണിച്ച്, മെഡിക്കൽ കോളേജിന്റെ ലെവലിൽ സംസ്ഥാനത്തിന്റെ മദ്ധ്യഭാഗത്തായി കൂടുതൽ ആശുപത്രികൾ ഉണ്ടാക്കുന്നതിനു വേണ്ട നടപടികൾ എടുക്കുമോ ?

ഡാക്ടർ ഏ. ആർ. മേനോൻ : ഒൻപതു ആശുപത്രികൾ അപ്ഗ്രേഡു ചെയ്യുന്നതിനുള്ള പണിയാരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്ജ് : അപ്ഗ്രേഡുചെയ്യുന്ന കാര്യമല്ല; മെഡിക്കൽ കോളേജാശുപത്രിയിൽ എന്നപോലെ ഏല്ലാ എക്സിപ്മെൻറുകളോടും കൂടി എന്നാക്കുമോ മറ്റൊരാശുപത്രികൂടി സ്ഥാപിക്കാൻ തയ്യാറാകുമോ ?

ഡാക്ടർ ഏ. ആർ. മേനോൻ : അതിനു വളരെ ചെലവുണ്ട്. ഗവണ്മെൻറിൻെറ കഴിവനുസരിച്ചേ ചെയ്യാൻ നിവൃത്തിയുള്ളു. മെഡിക്കൽ കോളേജാശുപത്രിക്ക് കൊല്ലത്തിൽ 30 ലക്ഷം രൂപയാണു ചെലവു്. ആലവലിൽ എല്ലാ ഭിക്കിലും ആശുപത്രികളും സ്ഥാപിക്കാൻ പ്രയാസമാണ്. മദിരാശിയിൽത്തന്നെ, മദിരാശിയിലെ ആശുപത്രിക്ക സമമായി മധുരയിൽ മാത്രമേ ആശുപത്രിയുള്ളു. ഇവിടെ ഇപ്പോൾ കോഴിക്കോട്ടു ഒരു മെഡിക്കൽ കോളേജും ആശുപത്രിയുമുണ്ട്. അതിനും പുറമേ എല്ലാ ഹെഡ് ക്വാർട്ടേഴ്സിലും 350 ബഡ്ഡുകളോടുകൂടി വേണ്ട സൗകര്യമുള്ള രീതിയിൽ ആശുപത്രികളും അപ്ഗ്രേഡുചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് ഒരു മാതിരി റിലീഫ്കൊടുക്കണമെന്നാണു വിചാരിക്കുന്നതു്. കഴിഞ്ഞകൊല്ലം രണ്ടുലക്ഷത്തോളം ആളുകളെ ചികിത്സിക്കാൻവേണ്ട സൗകര്യം ചെയ്തിട്ടുണ്ട്. കഴിയുന്നതും ഗവണ്മെൻറ് ഈ കാര്യത്തിൽ ശ്രദ്ധിക്കുന്നുണ്ട്.

ശ്രീ. കെ. സി. ഏബ്രഹാം : സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ നിന്നും, ഡാക്ടർമാരുടെ ശുപാർശയോടുകൂടി അയയ്ക്കപ്പെടുന്ന രോഗികളെ മെഡിക്കൽ കോളേജു് ആശുപത്രികളിൽ മുൻഗണന നൽകുകയും, സാധാരണ രീതിയിലുള്ള രോഗികളെ അവിടെ പ്രവേശിപ്പിക്കാതിരിക്കുകയും ചെയ്യുന്നതിനുവേണ്ട ഏർപ്പാടു ചെയ്യുമോ ?

ഡാക്ടർ ഏ. ആർ. മേനോൻ : ഈ പറഞ്ഞതു വളരെ സഹായകമായ ഒരു നിർദ്ദേശമാണ്. ഇങ്ങനെ ചെയ്യാൽ അത്യാവശ്യമായി കിടത്തി ചികിത്സിക്കേണ്ട രോഗികളെ സംബന്ധിച്ചിടത്തോളം സൗകര്യംകിട്ടും. നിസ്സാര രോഗംവരുമ്പോഴും ഓടി ആശുപത്രിയിൽ പോകുന്ന പതിവു കുറയും. ഈ നിർദ്ദേശത്തെപ്പറ്റി ആലോചിച്ചു വേണ്ടതു ചെയ്യാം.

Scheme to protect the cast of Kerala.

✱ 1745. [16] **Shri K. C. Abraham**: Will the Minister for Public Works be pleased to state :

(a) whether the Government have any definite scheme to protect the coast of Kerala from the attacks of the sea;

(b) if so, will the Government take steps to protect the entire coast of the State within the III Plan period; and

(c) have the government formulated any scheme to prevent breaches in vulnerable spots on the coast during the monsoon?

Minister for Transport and Labour (**Shri T. V. Thomas**):

(a) Yes;

(b) No, it may not be possible because of the huge expenditure involved;

(c) No specific scheme has been made for preventing breaches in vulnerable spots on the coast. But whenever such breaches occur, immediate steps are being taken to close those breaches.

LIBRARY ARCHIVES Kerala Legislative Assembly